**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3752** **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിലിലെ ഡെപ്യൂട്ടേഷൻ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ധനകാര്യ വകുപ്പിൽ നിന്നും ഫിനാൻസ് ഓഫീസർമാരെ സ്പോർട്സ് കൗൺസിലിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | **കേരള സർവീസ് ചട്ടങ്ങൾ ഭാഗം - 1 ലെ 139 മുതൽ 156 വരെയുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരമാണ് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ധനകാര്യ വകുപ്പിൽ നിന്നു ഫിനാൻസ് ഓഫീസർമാരെ നിയമിക്കുന്നത്.** |
| (ബി) | 01.04.2022-ലെ സ. ഉ (കൈയെഴുത്ത് )നമ്പർ 52/22/ജി.എ.ഡി. പ്രകാരമുള്ള ഡെപ്യൂട്ടേഷൻ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഫിനാൻസ് ഓഫീസറെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (ബി) | **01.04.2022-ലെ സ.ഉ(കൈ)നം.52/22/ ജി.എ.ഡി സർക്കാർ ഉത്തരവിലെ ഡെപ്യൂട്ടേഷൻ നിയമനം സംബന്ധിച്ച വ്യവസ്ഥക്ക് വിധേയമായാണ് ഫിനാൻസ് ഓഫീസറെ നിയമിച്ച് വരുന്നത്.** |
| (സി) | തിരുവനന്തപുരത്തുള്ള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഗസറ്റഡ് തസ്തികയിൽ എസ്.സി. എസ്.റ്റി. വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | **കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ 3 തസ്തികകളിൽ ഗസറ്റഡ് റാങ്കിലുള്ള ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ ജോലി ചെയ്യുന്നില്ല.** |
| (ഡി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീവനക്കാർ ഇല്ലെങ്കിൽ യോഗ്യരായ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ സേവനത്തിനായി അപേക്ഷ നൽകിയാൽ പരിഗണിക്കുമോ; | (ഡി) | **ഒഴിവുണ്ടാകുന്ന സാഹചര്യത്തിൽ യോഗ്യരായ ഉദ്യോഗസ്ഥർ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ നൽകിയാൽ പരിഗണിക്കുന്നതാണ്.** |
| (ഇ) | സ്പോർട്സ് കൗൺസിലിൽ ഫിനാൻസ് ഓഫീസർമാരെ ഡെപ്യൂട്ടേഷനിൽ നിയമിക്കുന്നതിന് പാനൽ തയ്യാറാക്കി സ്പോർട്സ് താരങ്ങൾ ആയ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഇ) | **സർക്കാരിന്റെ പരിഗണനയിലില്ല.** |

സെക്ഷൻ ഓഫീസർ